


# അറിഞ്ഞതിലുമപ്പുറം

എത്ര ശ്രമിച്ചിട്ടും ശ്യാമിന് ഉറങ്ങാൻ കഴിഞ്ഞില്ല. അവൻ ക്ലോക്കിലേക്ക് നോക്കി. സമയം മൂന്നായിട്ടേയുള്ളൂ. അവനിനിയും ഉറങ്ങണമെന്നുണ്ടായിരുന്നു. കൺപോളകൾ ഉറക്കഭാരത്താൽ അടയുന്നുണ്ട്. എങ്കിലും അതിലും കനമേറിയ ചിലത് അവന്റെ ഹൃദയത്തിൽ കോളിളക്കം സൃഷ്ടിച്ചു കൊണ്ടിരുന്നതിനാൽ ഉറക്കം തടസ്സപ്പെട്ടുകൊണ്ടിരുന്നു.

മുറിയിലെ കനത്ത നിശ്ശബ്ദതയും ഇരുട്ടും ശ്യാമിനസഹ്യമായി തോന്നി. അവൻ കട്ടിലിനരികെയുള്ള ജനൽ പതിയെ തുറന്നിട്ടു. മാവിലകൾ ജനലിനെ ഉരുമ്മി നിന്നു. ജാലകത്തിന്റെ കോണിലൂടെ നിലാവെളിച്ചം മുറിയിലേക്ക് പടർന്നുകയറി.

നിലാവ് അവനിൽ ഇന്നുവരെ തോന്നാത്ത ഒരുതരം നഷ്ടബോധമുണർത്തി. മാവിൻ ചില്ലകളെ തഴുകി വന്ന കാറ്റ് അവന്റെ ഓർമ്മകളിൽ അലകളുണ്ടാക്കിക്കൊണ്ടിരുന്നു.

അവനഞ്ചു വയസ്സായപ്പോൾ അച്ഛൻ പണിത വീടാണിത്. വീടിനു ചുറ്റും പരന്നു കിടക്കുന്ന സാമാന്യത്തിലധികം വലുപ്പമുള്ള തൊടിയും മരങ്ങളും അവനന്നേറെ പ്രിയപ്പെട്ടതായിരുന്നു. ഓരോ മരത്തിന്റെ പേരും ഒരുപാട് സമയം ചെലവഴിച്ചാണ് മുത്തശ്ശിയവനെ പഠിപ്പിച്ചത്. ഒരുപക്ഷേ ഇതായിരിക്കാം താനീ വീട്ടിൽ കഴിയാൻ പോകുന്ന അവസാനത്തെ ദിവസം. വീടിനെ കുറിച്ചുള്ള ഓർമ്മകൾ അവനിലെ നഷ്ടബോധത്തെ വളർത്തി.

അവൻ നിലാവിന്റെ വെട്ടത്തിലൂടെ തൊടിയിലേക്ക് നോക്കി. അവിടെ വിരലിലെണ്ണാവുന്ന മരങ്ങൾ മാത്രമേ ഇന്നവശേഷിച്ചിട്ടുള്ളൂ. അതിൽ പലതിന്റെ പേരുകളും അവനോർമയില്ലായിരുന്നു. തനിക്കെന്താണ് പറ്റിയതെന്നവൻ അതിശയിച്ചു. താനിങ്ങനെയായിരുന്നില്ലല്ലോ. അതെ, താനൊരുപാട് മാറിപ്പോയിരിക്കുന്നു. വീടും പറമ്പും വിൽക്കുവാൻ യാതൊരു മടിയുമില്ലാതെയല്ലേ താൻ തീരുമാനിച്ചത്. ഗ്രാമത്തിന്റെ അസൗകര്യങ്ങളിൽ നിന്ന് പട്ടണത്തിലേക്ക് മാറുവാൻ താൻ സ്വയം തീരുമാനിക്കുകയായിരുന്നല്ലോ.

അതെ, വളരുന്നതിനനുസരിച്ച് താനറിയാതെ തന്നിൽ നിന്ന് ചിലത് നഷ്ടപ്പെട്ടുകൊണ്ടിരുന്നു. ചുറ്റും നടക്കുന്നതെന്തെന്നറിയാതെ, മുറ്റത്തെ ചെടികളെയറിയാതെ, കണ്ണുണ്ടായിട്ടും കാണേണ്ടതുകാണാതെ സ്വന്തം കാര്യം മാത്രം നോക്കി നടന്ന തനിക്ക് പലതും നഷ്ടമായിരിക്കുന്നു.

താൻ സുഖങ്ങളെന്നു കരുതി തേടിപ്പോകുവാനിരുന്ന പലതിനെക്കാളും സുഖവും സമാധാനവും നൽകുക തന്റെ ചുറ്റുമുള്ള



ഫിദ സഹറ ഹസീബ്, ക്ലാസ്- 2
ശാന്തിനികേതൻ ഇന്ത്യൻ സ്കൂൾ
ദോഹ, ഖത്തർ



നദ ഫർഹ, ക്ലാസ്- 5
സെന്റ് മേരീസ് ഹൈസ്കൂൾ, പയ്യന്നൂർ



നിഹ്മ എം, ക്ലാസ്- 1
എൻ.ഐ.ടി ഇംഗ്ലീഷ് സ്കൂൾ, വാലെഞ്ചേരി

പലതുമാണെന്ന് ശ്യാമിനു തോന്നി. ശ്യാം ആകാശത്തേക്കുനോക്കി. ചന്ദ്രൻ അവനെ നോക്കി പുഞ്ചിരിച്ചു. ശ്യാമിന്റെ ഉള്ളം കുളിർത്തു. അവൻ ജനലടച്ചു കട്ടിലിൽ പോയിക്കിടന്നു. നഷ്ടമാക്കിയ പലതും തിരിച്ചുവേണമെന്ന ആഗ്രഹം അവന്റെ ഹൃദയത്തിൽ ചേക്കേറി. ഓർമകളുടെ ഓളങ്ങളിൽ ആഴ്ന്നിറങ്ങിക്കൊണ്ട് ഭാരമൊഴിഞ്ഞ മനസ്സുമായവൻ കണ്ണടച്ചു.

നന്ത്യാർവട്ടത്തിന് പണ്ടത്തെയത്ര വലുപ്പമില്ല. വളം ഇനിയും വേണ്ടിവരും. ശ്യാം ആരോടെന്നില്ലാതെ പറഞ്ഞു. താൻ നട്ട ചെടികൾ തൊടി നിറയെ പുഞ്ചിരിച്ചുനിൽക്കുന്നതവൻ കണ്ടു. ആത്മസംതൃപ്തിയുടെ നെറുകയിൽ നിന്നുകൊണ്ട് ശ്യാം തൊടിയിലൂടെയുള്ള തന്റെ പതിവുനടത്തം ആരംഭിച്ചു.

ഷഹദിയ ജിനാൻ, 10-ാം ക്ലാസ്
പ്ലസന്റ് ഇംഗ്ലീഷ് സ്കൂൾ
ഓമശ്ശേരി

## മായുന്ന തണലുകൾ

അരുതേ അരുതേ മുറിക്കരുതേ
അരുമ മരങ്ങൾ മുറിക്കരുതേ
കായും കനിയും നമ്മൾക്കേകും
നന്മമരങ്ങൾ മുറിക്കരുതേ
മരമാണെന്നുടെ ചങ്ങാതി
മരമാണെന്നുടെ വരദാനം
മരമില്ലാത്തൊരു ജീവിതമില്ല
മരമില്ലാത്തൊരു നാടില്ല
തൈകൾ നട്ടു നനക്കുക നാം
മണ്ണിൽ തണലുവിരിക്കുക നാം
മരമില്ലെങ്കിൽ മഴയില്ല
മരമാ നമ്മുടെ കൂട്ടാളി
അരുതേ അരുതേ മുറിക്കരുതേ
അരുമ മരങ്ങൾ മുറിക്കരുതേ

ഷംലി ടികെ, 8-ാം ക്ലാസ്
എരമംഗലം
ജി എച്ച് എസ് എസ്, മാറഞ്ചേരി




## വൈകിയെത്തുന്ന അറിവുകൾ

ഈ ലക്കത്തിലെ 'അറിഞ്ഞതിലുമപ്പുറം' എന്ന കഥ വളരെ നിലവാരം പുലർത്തുന്നതും വായനക്കാരെ ആഴത്തിൽ സ്പർശിക്കുന്നതുമാണ്. എങ്ങനെ ഒരു നല്ല കഥ രൂപപ്പെടുന്നു എന്നത് അറിയാൻ കുട്ടികൾ ഈ കഥ വായിച്ച ശേഷം അതിനെ സശ്രദ്ധം നിരീക്ഷിക്കുക കൂടി ചെയ്യുക. വളരെ കാലിക പ്രസക്തിയുള്ള പ്രമേയമാണ് ഈ കഥയുടേത്. ഒരു മനുഷ്യനെ അവനായി നിലനിർത്തുന്ന പലതുമുണ്ട്. മാതാപിതാക്കൾ ഉൾപ്പെടെയുള്ള പലരുമായുള്ള ബന്ധങ്ങൾ, ബാല്യകാല ഓർമ്മകൾ, താൻ വളർന്ന വീട്... അതെല്ലാം അവന്റെ വ്യക്തിത്വത്തിന്റെ അടിസ്ഥാനങ്ങളാണ്.

ലാഭത്തിനു വേണ്ടി മനുഷ്യൻ പക്ഷേ അവനെ അവനാക്കിത്തീർക്കുന്ന പലതിനെയും കൈയൊഴിയുന്നു. താൻ വളർന്ന വീടും പരിസരവും ലാഭാർത്തിയാൽ വിറ്റ ശ്യാം അതിലെ അവസാന താമസദിനത്തിൽ വൈകിയാണെങ്കിലും തിരിച്ചറിയുന്ന കാര്യങ്ങൾ കഥാകാരി ഒരു സന്ദേശമായി നൽകുന്നത് ഈ സമൂഹത്തിന് തന്നെയാണ്. 'മായുന്ന തണലുകൾ' എന്ന കവിതയും നന്ന്.

• സസ്നേഹം മാഷ്